LIBRARY ARCHIVES Kerala Legislative Assembly

കായംകുളം മണ്ഡലത്തിൽ കൃഷിവിസ്തൃതിയിൽ ഉണ്ടായ വർദ്ധനവ്

95 (1080) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 ജൂൺ മാസത്തിനുശേഷം നെൽകൃഷി, എള്ള് കൃഷി, ഇടവിള കൃഷി എന്നിവയുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ, ഉത്പാദനത്തിലുണ്ടായ വർദ്ധനവ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 2016 ജൂൺ മാസത്തിനുശേഷം നെൽകൃഷി, എള്ള് കൃഷി, ഇടവിള കൃഷി എന്നിവയുടെ വിസ്തൃതിയിൽ ഉണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ, ഉത്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എന്നിവയുടെ 2020 വർഷം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

തഴക്കര കുടിവെള്ള പദ്ധതി

96(1081) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിയുടെ ശുദ്ധജല ടാങ്ക് നിർമ്മിക്കുന്നതിന് തഴക്കരയിൽ സ്ഥിതിചെയ്യുന്ന ജില്ലാ കൃഷി തോട്ടത്തിന്റെ സ്ഥലം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ ഫലവൃക്ഷത്തൈ വിതരണ പദ്ധതി, എക്സോട്ടിക് ഫ്രൂട്ട് പ്ലാന്റ്സ്, നിലവിലെ പ്രോജനി ഓർച്ചാർഡ്, പ്ലാവ് പ്രോജനി, ജാതിത്തോട്ടം, കോക്കനട്ട് നഴ്സറി, ഓണക്കാല പച്ചക്കറി കൃഷി, വാഴക്കൃഷി, കുരുമുളക് വള്ളികളുടെ ഉത്പാദനം തുടങ്ങിയ കാർഷിക പദ്ധതികൾ നടപ്പിലാക്കിവരുന്നതിനാൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള പ്രസ്തുത ഭൂമി മറ്റ് പദ്ധതികൾക്ക് വിട്ടുനൽകാൻ നിർവ്വാഹമില്ല.

(ബി) പ്രസ്തുത നിർമ്മാണത്തിനുള്ള എൻ.ഒ.സി. ലഭ്യമാക്കിയോയെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്